Santhigiri

ഗുരുവാണി

"നിങ്ങൾ ഓരോരുത്തരും അന്നോടന്നുള്ള ജീവിതത്തിന്റെ പണിക്കാരനാണ്. അവന്റെ നഷ്ടം...ലാഭം...തൊഴിലാളി വർഗ്ഗത്തിന്റെ വേരുതോണ്ടുക... വേല ചെയ്യാതെ കൂലി കൊടുപ്പിച്ച് മുതലാളിയുടെ വേരു തോണ്ടുക – നമുക്ക് ഉലകം പകർന്നു തന്ന അറിവ് ഇത്രമാത്രമാണ്. "

# ഉമ്മിണിതങ്കം

VOL 05 | ISSUE 41 | 2019 ഒക്ടോബർ 13 | 1195 കന്നി 27

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ



സന്ന്യാസദീക്ഷാ വാർഷികദിനത്തിൽ നടന്ന ദീപം പ്രദക്ഷിണം

## സന്ന്യാസദീക്ഷാ വാർഷികം ആഘോഷിച്ചു

**സ്പിരിചൽ സോൺ :** ശാന്തിഗിരി ആശ്രമത്തിൽ 35-ാം സന്ന്യാസദീക്ഷാവാർഷികം പ്രാർത്ഥനാനിർഭരമായ അന്തരീക്ഷത്തിൽ സമുചിതമായി ആഘോഷിച്ചു. ഒക്ടോബർ 8ന് രാവിലെ 9 മണിയോടെ പർണ്ണശാലയിൽ സന്ന്യാസി സന്ന്യാസിനിമാർ ഗുരുവിന് ഹാരം ചാർത്തുകയും പുഷ്പം സമർപ്പിക്കുകയും ചെയ്തു. പ്രാർത്ഥനാലയത്തിൽ സന്ന്യാസിമാരുടെ നേതൃത്വത്തിൽ കുരുന്നുകളുടെ വിദ്യാരംഭം നടന്നു. ഉച്ചയ്ക്ക് 12 മണിക്ക് ശാന്തിഗിരി രക്ഷാകർതൃസമിതി ഗുരുധർമ്മപ്രകാശസഭാംഗങ്ങൾക്കായുള്ള വസ്ത്രദാനം ചെയ്തു. തുടർന്ന് ഗുരുദർശനം, വിവിധ സമർപ്പണങ്ങൾ എന്നിവ നടന്നു. വൈകുന്നേരം 6 മണിയുടെ ആരാധനയ്ക്കു ശേഷം സ്പിരിചൽ സോൺ പ്രദക്ഷിണം വച്ച് സന്ന്യാസി സന്ന്യാസിനിമാരുടെയും ബ്രഹ്മചാരി ബ്രഹ്മചാരിണിമാരുടെയും ദീപം പ്രദക്ഷിണത്തോടെ ചടങ്ങുകൾക്ക് സമാപനമായി.

ഒക്ടോബർ 7ന് സന്ന്യാസദീക്ഷാവാർഷികത്തോടനുബന്ധിച്ച് സ്പിരിചൽ സോൺ ഓഡിറ്റോറിയത്തിൽ രാത്രി 8 മണിക്ക് സത്സംഗം നടന്നു. ഇതിൽ അദ്ധ്യക്ഷത വഹിച്ച ആശ്രമം പ്രസിഡന്റ് സ്വാമി ചൈതന്യ ജ്ഞാനതപസ്വി ഗുരു സന്ന്യാസദീക്ഷ നൽകിയത് ലോകത്തുള്ള സന്ന്യാസപരമ്പരകളിലെ കെടുതി മാറാനാണെന്നും പൂർണ്ണനായ ഒരു ഗുരുവിൽ നിന്ന് ദീക്ഷ ലഭിച്ചതിനാൽ ഈ സന്ന്യാസിസംഘം ഒരു തിരുത്തായി വരുമെന്നും

(ശേഷം 3-ാം പേജിൽ)

## അന്യസംസ്ഥാന വിദ്യാർത്ഥികൾക്ക് കേരളത്തിൽ സിദ്ധ മെഡിക്കൽ വിദ്യാഭ്യാസത്തിന് അനുമതി

**തിരുവനന്തപുരം:** മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പെട്ട ബി.എസ്.എം.എസ് (സിദ്ധ) കോഴ്സിന് ഇനി കേരളത്തിന് പുറത്തുള്ളവർക്കും അപേക്ഷിക്കാം. 2019-20 സിദ്ധ അഡ്മിഷനിൽ സംസ്ഥാന ക്വാട്ടയിൽ ഒഴിഞ്ഞ് കിടക്കുന്ന സീറ്റുകളിലേക്ക് അന്യസംസ്ഥാന വിദ്യാർത്ഥികളെയും ഉൾപ്പെടുത്തുന്നതിന് 2019ലെ KEAM പ്രോസ്പെക്ടസ് പരിഷ്കരിച്ച് ഉത്തരവായി. ഇതിൻപ്രകാരം കേരളത്തിലെ ഏക സിദ്ധമെഡിക്കൽ കോളേജായ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ കേരളത്തിന് പുറത്തുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന ക്വാട്ടയിൽ പ്രവേശനം നേടാൻ കഴിയും. ഇംഗ്ലീഷ് പഠനമാധ്യമമായ ഭാരതത്തിലെ ഏക സിദ്ധ മെഡിക്കൽ കോളേജായതിനാൽ സംസ്ഥാനത്തിന് പുറത്ത് നിന്നും നിരവധി വിദ്യാർത്ഥികളാണ് അഡ്മിഷൻ തേടി കേരളത്തിൽ എത്തിച്ചേർന്നിരുന്നത്. കോളേജ് പ്രിൻസിപ്പാൾ ആരോഗ്യ കുടുംബക്ഷേമ ആയുഷ് വകുപ്പിനും ഉന്നത വിദ്യാഭ്യാസ വകുപ്പിനും നൽകിയ നിവേദനം പരിഗണിച്ചാണ് സർക്കാർ അനുകൂല നടപടി സ്വീകരിച്ചത്. കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജ് അസോസിയേഷൻ സർക്കാർ നടപടിയെ പ്രശംസിച്ചു. ഒക്ടോബർ 14ന് പ്രവേശന പരീക്ഷ കമ്മീഷണറുടെ കാര്യാലയത്തിൽ വച്ച് നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ ജനനസ്ഥലം പരിഗണിക്കാതെ നീറ്റ് സ്കോർ യോഗ്യതയുള്ള ഏതു വിദ്യാർത്ഥികൾക്കും പങ്കെടുക്കാൻ കഴിയും. മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട കേരളത്തിലെ വിദ്യാർത്ഥികൾക്കാണ് സ്പോട്ട് അഡ്മിഷനിൽ ആദ്യ പരിഗണന. വിദ്യാർത്ഥികൾ പ്രവേശന പരീക്ഷ കമ്മീഷണറുടെ ഒക്ടോബർ 11ലെ വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കണം. താൽപര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി അന്നേ ദിവസം 10 മണിക്ക് മുൻപായി തിരുവനന്തപുരം ശാന്തി നഗർ ഹൗസിംഗ് ബോർഡ് ബിൽഡിംഗിലെ അഞ്ചാം നിലയിലുള്ള എൻട്രൻസ് കമ്മീഷണറുടെ ഓഫീസിൽ ഹാജരാകണം. വിവരങ്ങൾക്ക് 0471 2332123, 2339101, 2339102, 2339103, 2339104. വെബ് : www.cee.kerala.gov.in

## സമ്പൂർണ്ണ ഗുരുവാണി ഒന്നാം വാല്യം സമർപ്പിച്ചു

**സ്പിരിചൽ സോൺ :** സമ്പൂർണ്ണ ഗുരുവാണിയുടെ ഒന്നാം വാല്യം ഒക്ടോബർ 8 സന്ന്യാസദീക്ഷാവാർഷിക ദിനത്തിൽ ഗുരുവിന് സമർപ്പിച്ചു. ആശ്രമം ഡയറക്ടർ ബോർഡ് അംഗങ്ങൾ, ഗുരുധർമ്മപ്രകാശസഭ അംഗങ്ങൾ, ശാന്തിഗിരി കമ്മ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റ് ചുമതലക്കാർ എന്നിവർ ചേർന്നാണ് ഗുരുവാണി പുസ്തകം സമർപ്പിച്ചത്. കോപ്പികൾ പബ്ലിക്കേഷൻസ് കൗണ്ടറിൽ ലഭ്യമാണ്. വില 600 രൂപ.



സമ്പൂർണ്ണ ഗുരുവാണി സമർപ്പണം

## ഗവർണറെ സന്ദർശിച്ചു

**തിരുവനന്തപുരം :** ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി സംസ്ഥാന ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ രാജ്ഭവനിൽ വെച്ച് ഒക്ടോബർ 9ന് സന്ദർശിച്ചു. ജാതിമതഭേദമന്യേ ആശ്രമം നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഗവർണറോട് സ്വാമി വിശദീകരിച്ചു. സംസ്ഥാനത്തെ ബഹുസ്വരത രാജ്യത്തിനാകെ മാതൃകയാണെന്ന് ഗവർണർ അഭിപ്രായപ്പെട്ടു. ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ സംഘടിപ്പിച്ച സെമിനാറുകളിൽ നിന്ന് തെരഞ്ഞെടുത്ത പ്രഭാഷണങ്ങളടങ്ങിയ 'വിസ്ഡം ട്രെഡിഷൻ : കൾച്ചറൽ ക്രിയേറ്റിവിറ്റി ആന്റ് സോഷ്യൽ ചെയ്ഞ്ച്' എന്ന പുസ്തകം ഗവർണർക്ക് കൈമാറി. ന്യൂഡൽഹിയിലെ കൺസപ്റ്റ് പബ്ലിഷേഴ്സാണ് പുസ്തകം പ്രസിദ്ധീകരിച്ചത്.

ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ സീനിയർ ഫെലോ ഡോ.കെ.ഗോപിനാഥൻ പിള്ള, ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ജനറൽ മാനേജർ ജി. ജനാർദ്ദന മേനോൻ, സബീർ തിരുമല എന്നിവർ സ്വാമിയോടൊപ്പമുണ്ടായിരുന്നു.



കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി സന്ദർശിച്ചപ്പോൾ

# ഗുരുവാണി

പല ജന്മങ്ങളിലെ ഉദ്ദേശശുദ്ധി അറിഞ്ഞും അറിയാതെയും പ്രവർത്തിച്ച് പൂർത്തിയാക്കുന്നതാണ് പൗർണമി. പൗർണമിവ്രതം മറ്റെല്ലാ വ്രതങ്ങളുടെയും ഗുണം ചെയ്യും. ഈ വ്രതങ്ങളെല്ലാം അനുഷ്ഠിച്ച് ഗുരുവായ ഗുരുവിന് മുക്തിക്കർഹമാകുന്ന ദിവസമാണ് പൗർണമി. ലൗകികത്തിനുമിതുപോലെതന്നെ പൂർണത കിട്ടുന്ന ദിവസമാണ്.

ഇരുട്ട് അല്പം പോലും വ്യാപിക്കുന്നില്ല. ഒരു ഭാഗത്ത് ആനന്ദവും കുളിർമയും മറ്റൊരു ഭാഗത്ത് ഏതിനെയും പിടിച്ചടക്കുകയും ചെയ്യുന്ന ഗുണം. ഈ കുളിർമയിൽ വിത്തുകൾക്ക് കൂടുതൽ ഗുണം ഉണ്ടാകുന്നു. ജനിപ്പിക്കാനും അതിനെ നിലനിർത്തുവാനുമുള്ള ഗുണവും കിട്ടും. അനവധി ജന്മങ്ങൾ പുണ്യം സമ്പാദിച്ച് പൗർണമി നാളിൽ സമാധിയായാൽ അത് പൂർണമായ സമാധിയാണ്. അന്തരീക്ഷം ശാന്തവും. ഒന്നസ്തമിക്കുമ്പോൾ മറ്റൊന്ന് ഉദിക്കുന്നു. ഇവയുടെ കിരണങ്ങൾ എവിടെയെല്ലാം പതിക്കുന്നുവോ അവിടെയെല്ലാം ഈ ഗുണവും പ്രവഹിക്കുന്നു. ഗുരുവിന് ഈശ്വരനിൽ ലയിക്കാനും ബ്രഹ്മത്തിൽ വിലയം കൊള്ളുവാനും ഈ വ്രതം സഹായകമാണ്. എല്ലാപേർക്കും ഒരുമിച്ചുകൂടി പ്രാർത്ഥിക്കുവാൻ ഒരവസരം പൗർണമി പ്രാർത്ഥന കൊണ്ടുണ്ടാകുന്നു.

ഇതിന്റെ ഗുണം ചിന്തിച്ചാലും ഇല്ലെങ്കിലും എല്ലാ ചരാചരങ്ങൾക്കും ഗുണം കിട്ടത്തക്കവിധത്തിൽ നമ്മളുടെ ദോഷങ്ങളെല്ലാം നശിച്ച് ലോകത്തിലെ നന്മയും തിന്മയും വേർതിരിച്ച് ലോകശാന്തിക്കുതകുവാൻ ഞങ്ങളുടെ ഈപ്രാർത്ഥനയിലൂടി കഴിയേണമേ എന്നതാണ് സങ്കൽപം.ഗ്രഹങ്ങളിൽ ഉണ്ടാകുന്ന പ്രത്യേക തുലനം ഉണ്ടാകുകയും അതിലൂടെ ലോകനന്മയ്ക്കായി പ്രത്യേകം ശക്തി പ്രദാനം ചെയ്യപ്പെടുകയും ചെയ്യുന്നു. ലോകത്തിനുമൊത്തം ഗുണം ചെയ്യുന്നവിധത്തിൽ ഉള്ള ഒരു ഉൽപത്തിയും അന്നുണ്ടാകാം. ഉൽപത്തിക്കും ലയനത്തിനും പറ്റിയ കാലമാണിത്. ഒരു മാമ്പൂവിൽ ഈ അവസ്ഥ ഭാവനയിൽ കാണും പോലെ മനുഷ്യനിലും അത് പ്രവർത്തിക്കുമെന്ന് മനസ്സിലാക്കുന്നു.

ആത്മീയവും ഭൗതികവും ഒരുപോലെയാണെങ്കിലും നാം ഏതിന് തൂക്കം കൊടുക്കുന്നുവോ അതായിരിക്കും വളരുക. പൗർണമിക്ക് ജനിക്കുന്ന കുട്ടിയുടെ മാതാവ് ബോധവതിയായിരിക്കണം. ഇത് ലോകത്തിനുവേണ്ടിയാണെന്നും ഈശ്വരനിൽ നിന്നും ഇങ്ങനെ കൽപ്പിച്ചുതന്നതാണെന്നും അവൾ അറിയണം. ഒരു പിതാവ്, കുട്ടി ജനിക്കുമ്പോഴെല്ലാം ആണോ പെണ്ണോ എന്നുചോദിക്കും. ഒൻപത് പെൺകുട്ടികൾ ജനിച്ചു. ഒൻപതാമതും പെണ്ണു ജനിച്ചപ്പോൾ പിതാവ് തലയ്ക്ക് കൈയുംകൊടുത്തിരുന്നു പറഞ്ഞു കർത്താവേ, മതി പെണ്ണ് എന്ന്. പത്താമത് ജനിച്ചത് ആണായിരുന്നു. അവന്റെ കുട്ടിക്കാലത്തുതന്നെ പിതാവ് മരിച്ചു.

ഒരു നിമിഷത്തിൽ ഉണ്ടായ വേദനയ്ക്ക് ഇത്രയും ഫലമുണ്ടായെങ്കിൽ കാലാകാലങ്ങളിൽ നാം വേദനിച്ചുചെയ്യുന്ന പ്രവൃത്തിയുടെയും വേദനയോടെയുള്ള പ്രാർത്ഥനയുടെയും ഫലം എന്തായിരിക്കുമെന്ന് പറയാനും കഴിയില്ല ഈ ആശ്രമത്തിനൊരുദ്ദേശ്യമുണ്ട്. പൊതുപന്തിയിലുള്ള പരിഷ്കാരം അല്ല ഇവിടെ. നമ്മുടെ തുല്യമായ പരിഷ്കാരം. നമ്മുടെ ആരാധനാക്രമം ഇന്നുവരെ വന്നിട്ടുള്ളതിൽവച്ച് ഏറ്റവും മുന്നിലാണ്. അതെന്താണെന്ന് മനസ്സിലാക്കണം അതിന്റെ മൂല്യം.

ഗുരുക്കന്മാരും പരമ്പരകളും മുൻപും ഉണ്ടായിട്ടുണ്ട്. അവരെല്ലാംതന്നെ അവരുടെ മുൻഗാമികളുടെ മാർഗദർശനമാണ് കൊടുക്കുന്നത്. ഇവിടെ മുൻഗാമികളില്ല. അതെല്ലാം ഇതിൽ ചേർന്നിരിക്കുകയാണ്. ഒരു ഗുരുവെപ്പറ്റി പഠിക്കുന്നത് ഇങ്ങനെയാണ്. മറ്റാരെങ്കിലും കാണിച്ച വഴിയേ പിടിച്ചുപറ്റുകയല്ല ചെയ്തിരിക്കുന്നതെന്നാർക്കുമറിയില്ല. ഇത് പഴയകാലത്ത് നമ്മൾ ദൈവദൂതന് വാക്കുകൾ കിട്ടുന്നു എന്ന്പറയാറുണ്ട്. അവർ അശരീരി എന്നുപറയും.

പ്രകാശത്തിൽ നിന്ന് വാക്കുകൾ കിട്ടുന്നു. അത് നമ്മൾ ജീവിച്ചിരിക്കുമ്പോൾത്തന്നെ നടപ്പാക്കുന്നു. മുൻപ് അത് രഹസ്യമായി വച്ചിരുന്ന് സൂക്ഷിച്ചിട്ട് കാലശേഷം ശിഷ്യനിൽക്കൂടി വെളിയിൽ വരുന്നു. ഇതാണ് വ്യത്യാസം. ഇത് നാം ഉണ്ടാക്കിയതല്ല. ഇതിനൊരു മഹത്വമുണ്ട്.

## വചനദീപ്തി

*‘ഞാനാര് ? എന്നു വിചാരം ചെയ്താൽത്തന്നെ മനസ്സടങ്ങും.*
*ഞാനാര് ? എന്ന വിചാരം മറ്റു ചിന്തകളെയെല്ലാം അകറ്റി*
*ഒടുവിൽ താനും ഇല്ലാതാകും’*

**ശ്രീ രമണ മഹർഷി**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

**18.10.2019 – ജനസേവികപുരം 19.10.2019 – പോത്തൻകോട്**

## യാമപ്രാർത്ഥന

**2019 ഒക്ടോബർ 17 : 9 AM - 12 PM**

# നിഗൂഢാത്മക രഹസ്യം

**പ്രകാശപഥം**

നമ്മളീക്കാണുന്ന പ്രകൃതി അല്ലെങ്കിൽ അന്തരീക്ഷം, ആ അന്തരീക്ഷം മുഴുവനും ആന. ഒരാനയുടെ വണ്ണംതന്നെ ബാഹ്യദൃഷ്ടിയിൽ കാണുന്നതിനേക്കാൾ രണ്ടിരട്ടി വലിപ്പമുണ്ട്. അതിന്റെ പ്രകൃതിയുടെ ഭംഗി വർണ്ണനാതീതവും. അങ്ങനെ ഈ പ്രകൃതി മൊത്തവും ആനകൊണ്ടു നിറഞ്ഞിരിക്കുന്നു. ആ ആനയുടെ പുറത്ത് ഇരിക്കുന്ന ഗുരു. ഇത്രയും ആനകളുടെ പുറത്ത് ഗുരുവിന്റെ പ്രകാശബിംബത്തിലുള്ള അവർണ്ണനീയവും ചിന്തയ്ക്കതീതവും നിമിഷാർധം അനുഭവിച്ചറിയുന്ന ഭക്തിനിർന്നിമേഷമായൊഴുകുന്ന അന്തരീക്ഷത്തിലേക്ക് വലിച്ചിഴയ്ക്കുന്ന ഒരു ദർശനാനുഭവമായിരുന്നു അത്.

ഞാൻ ഒരു മിനിട്ടിൽ തന്നെ ഇതു കണ്ടു. അങ്ങനെ ഒരു പത്ത് മിനിട്ടെങ്കിലും ഞാനീ കാഴ്ച കണ്ടു നിന്നു. ഒരാനപ്പുറത്തിരിക്കുന്ന ഗുരുവിന്റെ പ്രകാശരൂപം ഒന്നോർത്തു നോക്കൂ. ഞാൻ എന്റെ മനസ്സുകൊണ്ടു ചിന്തിച്ചു, ഇത്രയും സ്വാമി എങ്ങനെയാണ് ആനപ്പുറത്തിരിക്കുന്നത്, എന്റെ കൊച്ചു മനസ്സിലേക്ക് ആ ചിന്ത കടന്നുവന്നു. ഞാൻ അന്ന് ഗുരുവിനെ സ്വാമി എന്നാണ് വിളിക്കുന്നത്. ഈ ആനപ്പുറത്തിരിക്കുന്ന ഗുരുവിന്റെ ഓരോ രൂപവും, അതിന്റെ വലിപ്പവും എനിക്കു വർണ്ണിക്കാൻ കഴിയുന്നില്ല. ആ രൂപത്തിൽ നിന്നും പ്രവഹിക്കുന്ന പ്രകാശസ്രോതസ്സു തന്നെ അവർണ്ണനീയവും ചിന്തയ്ക്കതീതവും ബുദ്ധ്യാതീതവും ആണ്. ഞാൻ എന്റെ മനസ്സിനോടു തന്നെ ചോദിച്ചു. ഇതെന്താണ്, ഇതെന്താണ് എന്ന്. ഞാനാഗ്രഹിച്ചു എനിക്ക് ഗുരുവിനോട് ദർശനം പറയുന്ന സമയത്ത് ഇത് ഒറ്റയ്ക്കു ചോദിക്കാൻ കഴിഞ്ഞെങ്കിൽ, അതിനൊരു സന്ദർഭം കിട്ടിയിരുന്നെങ്കിൽ എന്ന്.

അങ്ങനെയിരിക്കെ ഗുരു എന്നെ വിളിപ്പിച്ചിട്ട് എന്നോടു ചോദിച്ചു. നേരത്തെ നീ ഇരുന്നപ്പോൾ എന്തു കിട്ടി എന്ന്. അപ്പോൾ ഞാൻ ഗുരുവിനോടു ചോദിച്ചു, “സ്വാമീ, എന്താണ് ഇത്രയും ആനകളുടെ പുറത്ത് സ്വാമിയുടെ രൂപം തന്നെ കാണുന്നത് എന്ന്”. അന്ന് എന്റെ കൊച്ചു മനസ്സ് ഗുരുവിനോടു ചോദിച്ച അബദ്ധം. രണ്ടു ദിവസം കഴിഞ്ഞപ്പോൾ ആ പ്രകാശം തന്നെ എനിക്കു പറഞ്ഞുതന്നു തിരുത്തുകയും ചെയ്തു. അത് ഞാൻ പിന്നെ ഗുരുവിനോട് പറയുകയും അതിനൊരു തിരുത്തായി എന്നെ പഠിപ്പിച്ച രംഗമിതാണ്, നിന്റെ ഗുരു അനവധി കാലങ്ങളിൽ ബ്രഹ്മേച്ഛ അനുസരിച്ചു ജീവിച്ചിരുന്നു. അന്ന് ഇന്നു നാം ത്രിമൂർത്തിവശങ്ങൾക്കപ്പുറം ബ്രഹ്മാ, വിഷ്ണു, മഹേശ്വരൻ എന്നുപറയുന്ന സ്ഥാനത്തിനതീതമായി, മൂലഗണപതി എന്നൊരു സ്ഥാനമുണ്ട്. ആ സ്ഥാനത്തിനതീതമായി ഗുരു ഏതെല്ലാം ജന്മാന്തരങ്ങളിൽ എതെല്ലാം ഇടങ്ങളിൽ രൂപം എടുത്തിരുന്നു എന്ന് ബ്രഹ്മം അറിയിച്ച ദർശനവശം. ഞാൻ ഇപ്പോൾ ഈ പറയുന്ന സന്ദർഭം ഈ ആനയുടെ ചേതനയറ്റ, പ്രകാശത്തിന്റെ ഏതെല്ലാം ജീവൽസ്ഫുരണങ്ങളുണ്ടോ ആ സ്ഫുരണങ്ങൾ ആനയ്ക്ക് ജീവൻ കൊടുക്കുന്നു. ആനയുടെ രൂപം ഗുരുവിന്റെ രൂപമായി മാറുന്നു. അതിന്റെ പുറത്തോ അതിനേക്കാളുപരി എത്ര ആനവെച്ചാൽ പൊങ്ങുന്നത്രയും ഇന്നു നാം കാണുന്ന ആകാശത്തിനെത്ര പൊക്കം ഉണ്ടോ ആകാശത്തിനത്രയും ദൂരം അതിലും വിദൂരമായി ഞാൻ കാണുന്നു. ഗുരുവും ആനയും, അതാണ് ദർശനത്തിന്റെ അവസ്ഥാന്തരം.

അതുപോലെ ഒരു മിനുട്ടിൽ തന്റെ ഗുരു ആരായിരുന്നു എന്ന് ബ്രഹ്മപ്രകാശത്തിൽ നിന്നും പരബ്രഹ്മപ്രകാശത്തിൽ നിന്നും അതിനപ്പുറത്തുനിന്നും കിട്ടുന്ന ഒരവസ്ഥാന്തരം. അതാണ് നവഒലിയായി നിൽക്കുന്നു എന്ന്. ഗുരുവിന്റെ ആദിസങ്കല്പവശങ്ങൾക്കു മുമ്പ് തന്നെ ഒരു ദിവസം ഗുരു ഈ മുറിയിലിരുന്നപ്പോൾ ഈ പടം തന്നെ (സഹകരണമന്ദിരത്തിൽ വെച്ചിരിക്കുന്ന ഗുരുവിന്റെ പടം) എനിക്കു ബ്രഹ്മത്തിൽ നിന്നു കിട്ടിയ അറിയിപ്പാണ്. ഈ അറിയിപ്പ് ഞാൻ ഗുരുവിനോടു പറഞ്ഞപ്പോൾ, ഇതെവിടെയാണ് ഈ പ്രകാശം, എവിടെയാണ് ഇതിന്റെ ശബ്ദം, എവിടെയാണ് ഇതിന്റെ സ്രോതസ്സ്, എവിടെയാണ് ഇതിന്റെ ഒലി എന്നുള്ള ഒരു രൂപം എത്ര ശ്രേണികളിലാണിതെത്തിയിരിക്കുന്നത്. ഏത് യുഗപുരുഷന്മാരിലാണ് ഇതിന്റെ ഉത്ഭവസ്ഥാനം എന്നെല്ലാം ഗുരുവിന്റെ പ്രകാശരൂപം ബ്രഹ്മേച്ഛയുടെ സ്വരൂപമായി വന്നു നിന്നിട്ട് എന്നോടു പറയുകയുണ്ടായി. അത് നിഗൂഢാത്മക രഹസ്യങ്ങളിൽ വച്ച് നിഗൂഢാത്മക രഹസ്യം തന്നെയാണ്.

( **‘ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ’** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# ഒരു നിറദീപത്തിന്റെ വെളിച്ചത്തിൽ

ഇരുൾ അജ്ഞാനം, ഭയം എന്നിവയോടു ഗാഢബന്ധം പുലർത്തുന്നു. പ്രകാശം ജ്ഞാനോദയമായും വിനയത്തിൽ ജ്വലിക്കുന്ന ധൈര്യമായും അനുഭവപ്പെടുന്നു. പ്രകാശഗോളങ്ങളുടെ ഭ്രമണസംക്രമണങ്ങളിലൂടെ ചലിക്കുകയാണു കാലം. അതിൽ നിയുക്ത ഗോളങ്ങളുടെ പ്രകാശ സൗന്ദര്യത്തിൽ ഭൂമി സമാശ്വാസത്തിന്റെ ആശ്ലേഷത്തിലമർന്നു മുന്നോട്ടു പോകുന്നു. രാവുകളും പകലുകളും രചിച്ച് മുന്നേറുന്ന കാലം അതിന്റെ അർദ്ധഭാഗം ഇരുളിൽ പൊതിഞ്ഞുവയ്ക്കുന്നു.

ഇരുളിലും വെളിച്ചം ആവശ്യപ്പെടുന്ന ഒരു ഭാവമുണ്ട്, മനുഷ്യമനസിൽ. അതു വാസനാജന്യമാണ്. ദൈവകാരുണ്യത്താൽ സ്ഫുരിക്കുന്ന പ്രകാശമാണ് ഓരോ ജീവനും ആയി പ്രതിഭാസിക്കുന്നത്. ആകയാൽ ആ പ്രകാശകാരുണ്യത്തോടു സ്നേഹാഭിമുഖ്യം തോന്നുക സ്വാഭാവികമാണ്. പ്രകാശം തേടുന്ന ഒരു തീർത്ഥയാത്രയായി ജീവിതത്തെ കല്പന ചെയ്യാവുന്നതാണ്. ഏതോ വിശുദ്ധ മുഹൂർത്തത്തിൽ ദീപം എന്ന പ്രതിഭാസം കടന്നുവന്നു. അഗ്നിനാളം ജ്വലിപ്പിച്ചു നിർത്താൻ ഒരു ഉപകരണമായി ദീപം ആവിഷ്കൃതമായി. അങ്ങനെ ദീപം വെളിച്ചത്തിനു പര്യായവുമായി. പ്രകാശവസ്തുവിൽ നിന്ന് ആവിർഭവിച്ചതാണ് എല്ലാ വെളിച്ചവും. അതിനാൽ വിളക്കിനു വിശുദ്ധിയുടെ പരികല്പന ലഭിച്ചു.

നന്മയുടെ വഴിയിൽ, കാലത്തിനിണങ്ങിയ ആശയങ്ങളുടെ പ്രകാശം ജ്വലിപ്പിക്കുന്ന കെടാവിളക്കുകളും വഴിവിളക്കുകളും കാലത്തിന്റെ ഗതിക്കനുസരിച്ചു ദൈവദത്തമായി. അങ്ങനെയുള്ള ആശയദീപങ്ങളാണ് ആചാര്യൻമാർ. ഒരു ദീപത്തിൽ നിന്നും അനേകം ദീപങ്ങളിലേക്ക് വെളിച്ചം പകർന്നു നൽകുന്നതുപോലെ ആചാര്യന്മാർ ശിഷ്യന്മാരിലേക്ക് അറിവു പകർന്നു നൽകുന്നു. നിലവിളക്കുകൾ മുതൽ പല വലിപ്പത്തിലും വിളക്കുകൾ ഉണ്ട്. ആയിരം ദീപങ്ങളുടെ ഒരുമിച്ചുള്ള ദീപ്തിയെ പ്രകാശഗോപുരങ്ങളെന്ന് ആലങ്കാരികമായി വിശേഷിപ്പിക്കാറുണ്ട്. എല്ലാ വെളിച്ചങ്ങൾക്കും നിദാനമായ വെളിച്ചമാണ് എല്ലാ അന്വേഷണങ്ങളുടേയും അന്തിമലക്ഷ്യം.

മാതാ പിതാ ഗുരു ദൈവം എന്ന മഹിമയേറിയ ആശയവചനം ഇതിനെ സൂചിപ്പിക്കുക മാത്രമല്ല ഇതിന്റെ പ്രാധാന്യത്തെ ഉൾവഹിക്കുകയും ചെയ്യുന്നു. ഗുണാതീതവും നിരാകാരവുമായ പ്രകാശവസ്തുവായി ഗുരുവിനെ വിശേഷിപ്പിക്കുന്ന ഗുരുഗീതാവചനങ്ങളിൽ ഇരുളിനെ നിരോധിക്കുന്ന, തുടച്ചു നീക്കുന്ന, പ്രകാശമായും ഗുരുവിനെ വർണിക്കുന്നു. അപ്രകാരമുള്ള ഗുരുവിന്റെ സ്നേഹനിറവിൽ വളരുന്ന ശാന്തിഗിരി പരമ്പരക്ക് ആ നിലയ്ക്കുള്ള വലിയ കർത്തവ്യങ്ങളുണ്ട്. ഗുരുവിന്റെ വാക്കുകൾ അനുസരിച്ച് ജീവിക്കുകയും ഉലകത്തിനു മാതൃകകാട്ടുകയും ചെയ്തുകൊണ്ട് ആ കർത്തവ്യങ്ങൾ നിറവേറ്റപെടണം. സർവസ്വവും ഗുരുവിങ്കൽ സമർപ്പിച്ച് സർവ്വം ഗുരുവെന്നു നിനച്ച്, ജീവിക്കാനാവുമെങ്കിൽ ആ ശിഷ്യൻ ഉത്തമശിഷ്യനെന്ന് ഉറപ്പിക്കണം.

# സന്ന്യാസദീക്ഷാ വാർഷികം

*(1-ാം പേജ് തുടർച്ച)*

പറഞ്ഞു. പിതൃശുദ്ധീകരണം നടക്കുന്ന ഏകപരമ്പരയാണ് നമ്മുടേത്. ഗൃഹസ്ഥാശ്രമി യോഗ്യത പ്രാപിച്ചാലേ അവരുടെ വീടുകളിൽ നിന്നും സന്ന്യാസിമാരുണ്ടാവൂ. നിഷ്ഠയായ പ്രാർത്ഥന കൊണ്ട് സകലതും നേടാം. എല്ലാം നീചത്വങ്ങളേയും ഇളക്കിമറിച്ച് ശുദ്ധീകരണം വരുന്ന കാലഘട്ടമാണ് കലിയുഗം. മനഃശുദ്ധിയോടെ ഈ വ്രതകാലഘട്ടത്തിൽ പങ്കെടുത്ത് സങ്കല്പശേഷി നേടാൻ എല്ലാവർക്കും കഴിയണമെന്നും സ്വാമി അഭിപ്രായപ്പെട്ടു.

സത്സംഗത്തിൽ മുഖ്യപ്രഭാഷണം നടത്തിയ ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഗുരുജ്യോതിയിൽ ലയിച്ച ആശ്രമം മുൻ പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വിയുടെ ത്യാഗനിർഭരമായ പ്രവർത്തനങ്ങളെ അനുസ്മരിച്ചു. ഗുരു സന്ന്യാസത്തെക്കുറിച്ച് അറിയിച്ചിരിക്കുന്ന കാര്യങ്ങൾ സ്വാമി പങ്കുവച്ചു. ജീവിക്കാൻ വകയില്ലാതെ വരുമ്പോൾ ജീവിതം സന്ന്യാസത്തിലേക്ക് തിരിച്ചുവിടുന്നതല്ല സന്ന്യാസം. നൈരാശ്യം കൊണ്ടും ജീവിത വിരക്തി കൊണ്ടും സന്ന്യാസം സ്വീകരിക്കുന്നവരല്ല യഥാർത്ഥ സന്ന്യാസി. 1973നു ശേഷം ജനിക്കുന്ന കുട്ടികൾ ഈ ആശയത്തെ മുന്നോട്ട് കൊണ്ടുവരുമെന്ന് ഗുരു പറഞ്ഞിട്ടുണ്ട്. 350 വർഷം കൊണ്ട് ലോകത്തിന് വലിയ മാറ്റം സംഭവിക്കും. സന്ന്യാസി ഭിക്ഷു ആണ്. അവന്റെ ഊർജ്ജം പ്രാർത്ഥനയാണ്. ആ പ്രാർത്ഥനയിൽ പങ്കുചേരാൻ അവന്റെ കുടുംബത്തിനും കഴിയണമെന്നും സ്വാമി കൂട്ടിച്ചേർത്തു. ആശ്രമം ജോയിന്റ് സെക്രട്ടറി സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി, സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി തുടങ്ങിയവർ സത്സംഗത്തിൽ സംബന്ധിച്ചു.



*സന്ന്യാസിമാരുടെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥന*



*പ്രാർത്ഥനാലയത്തിൽ നടന്ന വിദ്യാരംഭം*



*പർണ്ണശാലയിൽ നടന്ന ഹാരസമർപ്പണം*




*സത്സംഗം*

# ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിൽ ആർട്സ് ഡേ

**എജ്യുക്കേഷൻ സോൺ** :ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കന്ററി സ്കൂളിലെ 14-ാമത് ആർട്സ് ഡേ സിനിമ സീരിയൽ താരം കിഷോർ ഉദ്ഘാടനം ചെയ്തു. സ്കൂൾ ആർട്സ് ക്യാപ്റ്റൻ ആദിത്യൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ പ്രഥമ കലാഭവൻ മണി പുരസ്കാര ജേതാവ് സന്തോഷ് ബാബുവും സന്നിഹിതനായിരുന്നു. വിദ്യാർത്ഥികൾ ചേർന്ന് തിരക്കഥയും സംവിധാനവും നിർവ്വഹിച്ച 'ഉന്നം' എന്ന ടെലിഫിലിമിന്റെ പോസ്റ്റർ പ്രദർശനം കിഷോർ നിർവ്വഹിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. കലാപരിപാടികളിലെ വിജയികൾക്കുള്ള സമ്മാനദാനം പ്രിൻസിപ്പാൾ ജനനി കൃപ ജ്ഞാനതപസ്വിനി നിർവ്വഹിച്ചു.



*ആർട്സ് ഡേ ആഘോഷത്തിൽ നിന്ന്*

## ഗവേണിംഗ് കമ്മിറ്റി പുനഃസംഘടിപ്പിച്ചു

**സ്പിരിച്വൽ സോൺ :** ശാന്തിഗിരി ആശ്രമം ആർട്സ് & കൾച്ചർ ഡിവിഷനുകളുടെ ഗവേണിംഗ് കമ്മിറ്റി പുനഃസംഘടിപ്പിച്ചു.

**ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രം –** സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി, ടി.കെ.ഉണ്ണിക്കൃഷ്ണപ്രസാദ്, രാധാകൃഷ്ണൻ എം., എസ്.കുമാർ, ഡോ.മുരളീധരൻ എം. സുകേശൻ കെ., ആർ.സതീശൻ, അബൂബക്കർ എ., രമണൻ കെ., പ്രിയകുമാർ കെ., കെ.രാജു, ശശികുമാർ എം.ഡി., രവീന്ദ്രൻ പി.ജി., ഡോ.കിരൺ, ബദരിനാഥ് എ., ജോയി വി., സജീവൻ ഇ., മനോജ് മാത്തൻ, സുരേഷ് കെ.കെ., ബോബൻ എം.ആർ., പ്രദീപ് ശങ്കർ, രാജൻ സി.എസ്., ശിവകുമാർ വി., സജീവ് റ്റി.ഒ., സുനിൽകുമാർ എസ്., പ്രകാശൻ പി.ജി., ഷാജി ബി., പ്രകാശൻ എം.പി., ബിജു സി., രഞ്ജിത് ജി.എസ്., പുരുഷോത്തമൻ എൻ.

**ശാന്തിഗിരി മാതൃമണ്ഡലം –** ജനനി മംഗള ജ്ഞാനതപസ്വിനി, ഡോ.ഉഷ കുമാരി ബി., ഡോ.വത്സ ജി.പി., സുകുമാരി പി., ഡോ. ജയശ്രീ എൻ., ഡോ.ഹേമലത പി.എ., രേഖ വി., ലക്ഷ്മി അമ്മാൾ കെ., ശോഭന കെ.എം., ശശികല കെ., നളിനം എസ്., രാജലക്ഷ്മി പി.എസ്., ഡോ.സ്മിത ആർ.ബി., അഡ്വ.ചന്ദ്രലേഖ കെ.കെ., ഓമന എസ്., ഉഷ റ്റി.വി., ഉഷ എൻ.എ., ഗീതാഭായി ബി., ഡോ.ബിന്ദിയ അശോകൻ, ഡോ.സ്വപ്ന ശ്രീനിവാസൻ, ലേഖ ഇ.കെ., ജിഷ പി.ജെ., നിഷ എം.എൻ., ബിന്ദു രമണീ ഭായി, സന്ധ്യ പ്രകാശൻ, സോമലത ഹരിദാസ്, രജനി എസ്., ജിജി എൻ.ആർ.

**ശാന്തിഗിരി ശാന്തിമഹിമ –** മനോജ് കുമാർ സി.പി., അരവിന്ദ് പി., മനു എൻ. എം., ഷിനു എസ്., വിവേക് വി., സത്പ്രഭ എം.പി., നന്ദകുമാർ വി., അജിത് കുമാർ കെ.എസ്., ശാന്തിപ്രിയൻ പി.ആർ., നിർമ്മലൻ എം.എസ്., വന്ദനൻ എസ്., ഗുരുപ്രിയൻ ജി., ഷെറിൻരാജ് എ.പി., ലിജിൻരാജ് ആർ., പ്രിയൻ കെ.വി., ഗുരുദത്ത് സി., രാജേന്ദ്രപ്രകാശ്, ആദിത്യൻ കിരൺ.

**ശാന്തിഗിരി ഗുരുമഹിമ –** ജനനി നവപ്രിയ ജ്ഞാനതപസ്വിനി, ജനനി രേണുരൂപ ജ്ഞാനതപസ്വിനി, പ്രിയംവദ ആർ.എസ്, ജനപതി റ്റി.എസ്, ഡോ.ജനപ്രിയ എ.എ, ശരണ്യ എം., മംഗളവല്ലി എൽ., ഹൃദയകുമാരി പി., വന്ദന എസ്., വന്ദിത ലാൽ, വന്ദിത പി.ബി, ശ്വേത എം.,ഗുരുനിശ്ചിത യു., ശാന്തിപ്രിയ ജി., കരുണ എസ്.എസ്, സുകൃത എ., പ്രതിഭ എസ്.എസ്, മഹിമ എസ്., ഗുരുപ്രഭ ജി.

**ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം –** ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി, പി.പി.ബാബു, വിജയകുമാർ ആർ.എസ്., രവീന്ദ്രൻ കെ., സുഭാഷ്ചന്ദ്രൻ കെ., പ്രമോദ് എം.പി., മുരളീധരൻ ആർ., ഉണ്ണിക്കൃഷ്ണൻ വി.എൻ., രാജീവ് എസ്., മോഹനൻ വി.പി., വിശ്വംഭരൻ എ.ആർ., മോഹനൻ എൻ.റ്റി., ജയശീലൻ വി.ഡി., അരുൺ പ്രസാദ് വി.റ്റി., ഡോ.ബിജുരാജ്, രഞ്ജിത വി., അജോ ജോസ്, രവീന്ദ്രൻ നായർ എ., ശ്രീകുമാർ എസ്., വിജയൻ എസ്.എസ്., കരുണാനന്ദ് കെ.കെ., പ്രദീപ് എ., കോസല വി.കെ., ദീപ്തി സി., പ്രകാശൻ തൈക്കണ്ടി, അനിൽകുമാർ എസ്., ബിന്ദുശോഭ എസ്.

**ശാന്തിഗിരി രക്ഷാകർതൃസമിതി –** ജനനി നവപ്രിയ ജ്ഞാനതപസ്വിനി, പി.ദാമോദരൻ, ജനാർദ്ദനമേനോൻ ജി., എൻ.പി. വേണുഗോപാൽ, ജയകുമാർ ജി., മോഹനൻ സി.പി., രാധമ്മ എ., സുരേന്ദ്രൻപിള്ള ജി., ഗോപാലകൃഷ്ണൻ വി.എൻ., അഡ്വ. ദേവദത്തൻ വി., കൃഷ്ണൻനായർ സി., രവിരാജ് ആർ., ഇന്ദിര വി.കെ., മോഹനൻ ബി., ബാബു പി.കെ., ഡോ.ഹരിപ്രിയ എസ്., ജീന വി., സിന്ധുമോൾ ആർ., സുദേവൻ എസ്., സുജേഷ് എസ്.

**ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗം –** ഡോ.പി.എൻ.മോഹനൻ, രാജീവ് അഞ്ചൽ, മധുപാൽ കെ., രമണൻ പി.ജി., അനിൽ ചേർത്തല, വിജയകുമാരി പി., ഹരിദാസ് റ്റി.കെ., ഉമ കെ.ആർ., കുമാർ ജെ., പ്രസാദ് എം.കാശിനാഥ്, കിരൺ എസ്., മഹേഷ് എം., ബിന്ദു സുനിൽകുമാർ, ഇന്ദു എസ്., ഡോ.ബ്രഹ്മദത്തൻ യു., ജയകൃഷ്ണൻ പി.കെ., ഡോ.അമൃത എസ്., രാധാമണി കെ., രാജേഷ് കെ.ആർ., ദീപ എസ്.എസ്., ഷീബ വി., അനിൽകുമാർ വി., വിന്റു എം.ആർ., വിനേഷ് പി.

## ദിവംഗതനായി

**തലശ്ശേരി :** പാട്യം കരുണ മന്ദിരത്തിൽ ടി.ശ്രീധരൻ (73) ഒക്ടോബർ 11ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ : ലീല കെ.പി. മക്കൾ: ബാബു റ്റി. (ഡെപ്യൂട്ടി മാനേജർ, ശാന്തിഗിരി ഹെർബൽ സോപ്സ്), റീജ റ്റി. (ടീച്ചർ, എസ്.വി.ബി. എസ്.എസ്.), റീന റ്റി. മരുമക്കൾ : സിന്ധു ബി.പി., സജിലാൽ എസ്., മനോഹരൻ സി.



*ടി.ശ്രീധരൻ*



*സമ്മേളനത്തിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി സംസാരിക്കുന്നു*

# സന്ന്യാസദീക്ഷാവാർഷികം : ഏരിയ ഓഫീസ് സമ്മേളനം നടന്നു

സ്പിരിചൽ സോൺ : സന്ന്യാസദീക്ഷാവാർഷികത്തോടനുബന്ധിച്ച് ഗുരുധർമ്മപ്രകാശ സഭ, ഡിപ്പാർട്ട്മെന്റ്, ഏരിയ ഓഫീസ് ചുമതലക്കാർ എന്നിവരുടെ സംയുക്തസമ്മേളനം നടന്നു. ആശ്രമം സ്പിരിചൽ സോൺ കോൺഫറൻസ് ഹാളിൽ ഒക്ടോബർ 10ന് നടന്ന സമ്മേളനത്തിൽ ആമുഖമായി സംസാരിച്ച ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി അഭിവന്ദ്യ ശിഷ്യപൂജിത സന്ന്യാസിമാരെ കണ്ടപ്പോൾ സംസാരിച്ച കാര്യങ്ങൾ വിശദീകരിച്ചു. ഒരാളുടെ കർമ്മഗതിയിൽപ്പെട്ട വിഷമം മാറുവാൻ ഗുരുവിനോട് ചേർന്ന്നിന്ന് അതനുഭവിച്ച് തീർന്നാൽ മാത്രമേ അതിന് മാറ്റം വരുകയുള്ളൂ. മുക്തി ലഭിക്കുന്നതിന് അവസരമുള്ള പരമ്പരയാണ് നമ്മുടേത്. ആത്മീയപ്രസ്ഥാനമാണെന്ന് ഓർത്തുവേണം ഇതിന്റെ ചുമതലക്കാർ കർമ്മം ചെയ്യേണ്ടതെന്ന് സ്വാമി അഭിപ്രായപ്പെട്ടു. അദ്ധ്യക്ഷത വഹിച്ച ആശ്രമം പ്രസിഡന്റ് സ്വാമി ചൈതന്യ ജ്ഞാനതപസ്വി വാക്ക് തെറ്റിക്കാതെ പ്രവർത്തിക്കണമെന്ന ഗുരുവാണി ഉദ്ധരിച്ചു. നാം പ്രവർത്തിക്കുന്ന അന്തരീക്ഷത്തിൽ ഗുരുവിനെ പ്രതിഷ്ഠിതനാക്കണം. ഇതിനായി അവിടങ്ങളിൽ രണ്ട് തിരിയെങ്കിലും കത്തിച്ച് പ്രാർത്ഥിക്കണം. ഗുരുവിന്റെ കാരുണ്യത്താൽ പ്രവർത്തിച്ച് നമ്മുടെ കർമ്മകാണ്ഡങ്ങളെ നിവർത്തിച്ചെടുക്കണമെന്നും സ്വാമി പറഞ്ഞു.തുടർന്ന് മുഖ്യപ്രഭാഷണം നടത്തിയ ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നംജ്ഞാനതപസ്വി ശരീരത്തിന് വിശപ്പെന്ന പോലെ ജീവന് ആത്മദാഹമുണ്ടെന്നും അത് നിവർത്തിക്കാനായി ആശ്രമജീവിതം കൊണ്ട് സാധിക്കണമെന്നും അഭിപ്രായപ്പെട്ടു. ആശ്രമത്തിൽ നിൽക്കാൻ സാധിക്കുന്നത് നമ്മുടെ ഭാഗ്യമാണ്. മനസ്സ് കൊണ്ടാണ് ആശ്രമത്തോട് അടുത്ത് നിൽക്കേണ്ടത്. നമ്മുടെ തെറ്റുകൾക്ക് ഗുരുവിൽ നിന്നും ലഭിക്കുന്ന തിരുത്തുകൾ യഥാസമയം പ്രാവർത്തികമാക്കണം. അങ്ങനെ നമ്മുടെ കർമ്മഗതിയിലെ കുരുക്കൾ മാറ്റണം. ശാന്തിഗിരിയിലെ അനുഭവസത്യത്തെ സംരക്ഷിക്കാൻ നാമെന്നും പ്രതിജ്ഞാബദ്ധമായിരിക്കണമെന്നുംസ്വാമി പറഞ്ഞു.

ആശ്രമം ജോയിന്റ് സെക്രട്ടറി സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി സമ്മേളനത്തിൽ സന്നിഹിതനായിരുന്നു. സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി ആരോഗ്യരംഗത്തെ ശാന്തിഗിരിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി മാർക്കറ്റിംഗ് പ്രവർത്തനങ്ങളെക്കുറിച്ചും ഡി.പ്രദീപ്കുമാർ ബഡ്ജറ്റിനെക്കുറിച്ചും അജിത്കുമാർ പി.വി. അക്കൗണ്ടിംഗ് രീതികളെക്കുറിച്ചും സംസാരിച്ചു. ടി.കെ. ഉണ്ണിക്കൃഷ്ണപ്രസാദ് സ്വാഗതവും എം.പി.പ്രമോദ് കൃതജ്ഞതയും രേഖപ്പെടുത്തി.

# ശാന്തിഗിരിയിൽ നൂതന കൃഷിരീതികൾക്ക് തുടക്കമായി

**അഗ്രിക്കൾച്ചർ സോൺ :** ശാന്തിഗിരിയിൽ വെള്ളനാട് മിത്രാനികേതനുമായി സഹകരിച്ച് നൂതന കൃഷിരീതികൾ അവലംബിച്ചു തുടങ്ങി. മിത്രാനികേതൻ കൃഷിവിജ്ഞാന കേന്ദ്രം നൂതന സാങ്കേതിക വിദ്യ പ്രകാരം വികസിപ്പിച്ചെടുത്ത ആയാസരഹിതമായ കാർഷിക പ്രവർത്തനങ്ങൾക്കായുള്ള ഉപകരണങ്ങളുടെ പ്രവർത്തനോദ്ഘാടനം മാണിക്കൽ ഗ്രാമപഞ്ചായത്തംഗം എസ്. സഹീറത്ത് ബീവി നിർവഹിച്ചു. പച്ചക്കറിതൈകളുടെ വേരുകൾക്ക് കേടുവരാതെ മണ്ണോടുകൂടി ഇളക്കിയെടുക്കുന്നതിനും നടുന്നതിനുമുള്ള വ്യത്യസ്ത ഉപകരണങ്ങളാണ് ശാന്തിഗ്രാമത്തിലെ കൃഷിയിടങ്ങളിൽ ഉപയോഗിക്കുക. എല്ലാം കൈകൊണ്ട് പ്രവർത്തിപ്പിക്കുന്നവയാണ്. പകുതി മനുഷ്യാദ്ധ്വാനം കുറക്കും എന്നുമാത്രമല്ല മണിക്കൂറിൽ 660 മുതൽ 900 തൈകൾ വരെ നടാനാകുമെന്ന് ഉപകരണങ്ങളുടെ പ്രവർത്തനത്തെക്കറിച്ച് വിശദീകരിച്ച മിത്രാനികേതനിലെ അഗ്രികൾച്ചർ എൻജിനീയർ ജി. ചിത്ര അറിയിച്ചു. ശാന്തിഗിരി കൃഷിവിഭാഗം പ്രതിനിധികളായ കെ. രത്നമ്മ, ബി.സുനിൽ കുമാർ, ബി. മണിലാൽ, മിത്രാനികേതൻ പ്രതിനിധികൾ, എസ്.കെ ഷൈനിയുടെ നേതൃത്വത്തിലള്ള മാണിക്കൽ ഗ്രാമപഞ്ചായത്ത് മഹിളാ കിസാൻ ശാക്തീകരണ പരിയോജൻ പ്രവർത്തകർ എന്നിവർ സംബന്ധിച്ചു. ഈ നൂതന കൃഷിരീതി പഠിക്കുന്നതിന് താൽപ്പര്യമുള്ള കർഷകർക്ക് ശാന്തിഗിരിയിൽ സൗകര്യം നൽകുമെന്ന് ശാന്തിഗിരി പബ്ലിക് റിലേഷൻസ് അസിസ്റ്റന്റ് ജനറൽ മാനേജർ എം.പി.പ്രമോദ് അറിയിച്ചു.



*എന്റെ മലയാളം പദ്ധതി ഡോ.ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യുന്നു*

# മാതൃഭാഷയ്ക്ക് ആദരമൊരുക്കി ശാന്തിഗിരി വിദ്യാഭവൻ

**എജ്യൂക്കേഷൻ സോൺ :** മാതൃഭാഷയുടെ മഹത്വവും പ്രാധാന്യവും കുട്ടികളിലൂടെ പൊതുസമൂഹത്തിന് പകരുക എന്ന ലക്ഷ്യത്തോടെ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ 'എന്റെ മലയാളം' പദ്ധതിക്ക് തുടക്കമായി. മാതൃഭാഷാ സ്നേഹം വളർത്തുന്നതിനും കുട്ടികളുടെ സാഹിത്യാഭിരുചി പരിപോഷിപ്പിക്കുന്നതിനും വേണ്ടിയുള്ള സർഗാത്മക പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടക്കും. പദ്ധതിയുടെ ഉദ്ഘാടനവും പോസ്റ്റർ പ്രകാശനവും സാഹിത്യകാരൻ ഡോ. ജോർജ് ഓണക്കൂർ നിർവഹിച്ചു. മലയാളം നമ്മുടെ പാരമ്പര്യവും സംസ്കാരവുമാണെന്നും മാതൃഭാഷയെ സംരക്ഷിക്കേണ്ടത് ഓരോ കേരളീയന്റെയും കടമയാണെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് 'മലയാള ഭാഷയും വർത്തമാന കാലവും' എന്ന വിഷയത്തിൽ അദ്ദേഹം കുട്ടികളോട് സംവദിച്ചു. സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, അധ്യാപിക ബിന്ദു നന്ദന തുടങ്ങിയവർ നേതൃത്വം നൽകി.


പ്രാർത്ഥനയോടെ
വി.മോഹനൻ
ഉത്രാടം
പെരുതല, പോത്തൻകോട് പി.ഒ.
ഫോൺ : 9605636440



ഉത്രാടം കൺസ്ട്രക്ഷൻസ്
ഗൃഹനിർമ്മാണത്തിന് ആവശ്യമായ പ്ലോട്ടുകൾ ലഭ്യമാണ്






Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala